വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 5 വർഷം

(ബി) 2015 ഏപ്രിൽ

(സി) ഇല്ല

(ഡി & ഇ) ഇപ്പോൾ ഇല്ല.

(എഫ്) 2012-13 സാമ്പത്തികവർഷം ലൈബ്രറിക്ക് ഗ്രാന്റ് നൽകിയത് പ്രീ നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നു. 2013-14 സാമ്പത്തിക വർഷം ടി നിബന്ധനകൾ യഥാസമയം പാലിക്കാത്തതിനാൽ കൗൺസിലിന് ലഭ്യമാക്കേണ്ടിയിരുന്ന ബജറ്റ്വിഹിതം പൂർണ്ണമായും ലഭ്യമാക്കിയില്ല. 2013-14 സാമ്പത്തികവർഷം ബജറ്റിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് പദ്ധതിയിനത്തിൽ 70,00,000 (എഴുപത് ലക്ഷം രൂപമാത്രം) രൂപയും പദ്ധതിയേതരയിനത്തിൽ 16,33,50,000 (പതിനാറ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 70,00,000 രൂപയും, പദ്ധതിയേതരയിനത്തിൽ 17,30,00,000 രൂപയും കൗൺസിലിന് ലഭ്യമാക്കുകയുണ്ടായി.

ദേശീയപാതാ വികസനം

26 (*686) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതാ വികസനം സംബന്ധിച്ച് കേന്ദ്രസർക്കാർ അന്തിമ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഇത് ആശാവഹമാണോ ;

(ബി) സ്ഥലംവിട്ടുനൽകുന്നവർക്കുള്ള പുനരധിവാസ പാക്കേജിന് കേരളത്തിന് പ്രത്യേക പരിഗണന വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ; പ്രസ്തുത ആവശ്യത്തിന് മറുപടി ലഭ്യമായിട്ടുണ്ടോ ;

(സി) ദേശീയപാതാ വികസനത്തിൽനിന്നും കേന്ദ്രം പൂർണ്ണമായും പിന്മാറുന്നപക്ഷം റോഡ് വികസനം എത്രത്തോളം പ്രതിസന്ധിയിലാകാൻ സാധ്യതയുണ്ട് ; മറ്റു പരിഹാരമാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ദേശീയപാതാ വികസന പദ്ധതി ഘട്ടം II-ലും III-ലും ഉൾപ്പെട്ടിട്ടുള്ള ദേശീയ പാത 17-ലേയും 47-ലേയും വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ദേശീയപാത 17-ലെ കുറ്റിപ്പുറം-ഇടപ്പള്ളി ഭാഗവും, ദേശീയപാത 47-ലെ ചേർത്തല-കഴക്കൂട്ടം ഭാഗവും ടി പദ്ധതിയിൽ നിന്നൊഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 24-6-2014-ൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളും ആശങ്കകളും അറിയിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളിൻമേൽ കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ദേശീയപാതകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പുനരധിവാസ പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. എന്നാൽ അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.

(സി) കേരളത്തിൽ ദേശീയപാതയുടെ വീതി 45 മീറ്റർ ആയി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. അതിൽനിന്നും ഒരു മാറ്റം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ആഗ്രഹിക്കുന്നില്ല. എന്നാൽ 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായയിടങ്ങളിൽ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നാലുവരിപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. ഈ കാര്യങ്ങൾ സർക്കാർ തലത്തിലും സർവ്വകക്ഷി തലത്തിലും ചർച്ചചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം

27 (*687) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന ആവശ്യം മാനേജ്മെന്റുകൾ ഉന്നയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ് ; ഇത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമാണോ ;

LIBRARY ARCHIVES Kerala Legislative Assembly